Mr. T. A. Ramachandra Ayyar.—What is the reason for the increase of pay from the figures shown in the Budget ?

Mr. T. S. Narayana Ayyar.—The pay was intended to be free from income tax. That was the understanding. So that unless he is paid Rs. 3247-1-11, it will not work at Rs. 3000.

Mr. C. R. Iyyunni.—Was it in that stipulation that the present incumbent was brought here? Is there any record to show it?

Mr. T. S. Narayana Ayyar.—Certainly it was. Otherwise it would not have been allowed.

Agricultural indebtedness relief measures loan.

78. മിസ്റ്റർ വി. കെ. കുട്ടി.—താഴെ പറയുന്ന ചോദ്യങ്ങൾക്കു മറുപടി പറയുവാൻ ഗവൺമെണ്ടിനു സൗകര്യമുണ്ടാകുമോ.—

(എ.) കൃഷിക്കാരുടെ സഹായത്തിനും ഗവൺമെണ്ടു് ഏർപ്പെടുത്തിയിരുന്ന ലോൺ വകുപ്പിൽ പണത്തിനു അപേക്ഷിച്ചുംകൊണ്ടു് എത്ര പേർ ഹർജികൾ അയച്ചിരുന്നു;

(ബി.) ഇവരിൽ എത്ര മുസ്സലിങ്ങൾ അപേക്ഷകന്മാർ ഉണ്ടായിരുന്നു;

(സി.) ഒട്ടാകെയുള്ള അപേക്ഷകന്മാരിൽ എത്രപേർക്കു് സംഖ്യ അനുവദിച്ചിട്ടുണ്ടു;

(ഡി.) അവരിൽ എത്ര മുസ്സലിങ്ങൾ ഉണ്ടു്;

(ഇ.) ലോൺവകുപ്പുകാർ അനുവദിച്ചിട്ടുള്ള ഒട്ടാകെയുള്ള സംഖ്യ എത്ര?

മിസ്റ്റർ കെ. അച്യുതമേനോൻ.—

(എ) ൪,൬൨.

(ബി) ൨൮൪.

(സി) ൬൩൨.

(ഡി) ൬൦.

(ഇ) Rs. ൨,൨൯,൬൫൭.

മിസ്റ്റർ വി. കെ. കുട്ടി.— സബ്ഡിവിഷൻ ഡി-ൽ പറയുന്നപ്രകാരം അനുവദിച്ചിട്ടുള്ള സംഖ്യ മുഴുവനും കൊടുത്തു കഴിഞ്ഞിട്ടുണ്ടോ?

മിസ്റ്റർ കെ. അച്യുതമേനോൻ.— മുഴുവനും കൊടുത്തു കഴിഞ്ഞിട്ടുണ്ടെന്നാണു് എന്റെ അറിവു്.

മിസ്റ്റർ വി. കെ. കുട്ടി.— മുഴുവനും കൊടുത്തു കഴിഞ്ഞിട്ടുണ്ടോ ഇല്ലയോ എന്നു തീർച്ച പറയാമോ?

മിസ്റ്റർ കെ. അച്യുതമേനോൻ.— റിപ്പോർട്ടുപ്രകാരം മുഴുവനും കൊടുത്തു കഴിഞ്ഞിട്ടുണ്ടെന്നാണു് കാണുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly